# ആദർശസുരഭിലമായ ഒരു ജീവിതത്തിന്റെ ഓർമ്മയ്ക്ക്

കെ.ജി. പൗലോസ്

ഐക്യകേരളം ഔദ്യോഗികമായി നിലവിൽ വന്നത് 1956 നവംബർ 1-ാം തീയതിയാണ്. മലയാളിയുടെ ഏറെക്കാലത്തെ സ്വപ്നത്തിന്റെ സാക്ഷാത്കാരമായിരുന്നു അത്. ആ സങ്കല്പത്തെ രൂപപ്പെടുത്തുന്നതിൽ നമ്മുടെ കവികളും സാംസ്കാരികനായകന്മാരും വലിയ പങ്കുവഹിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ എടുത്തുപറയേണ്ടതാണ് ആര്യവൈദ്യശാലയുടെ സ്ഥാപകനായ വൈദ്യരത്നം പി.എസ് വാരിയരുടെ സംഭാവനകൾ.

** ** **

കേരളം എന്ന പേരിന് വളരെ പഴക്കമുണ്ട്. ചേരചോളപാണ്ഡ്യരാണ് ദക്ഷിണേന്ത്യയിലെ ഭരണസംവിധാനത്തെ പ്രാചീനകാലം മുതൽ നിയന്ത്രിച്ചിരുന്നത്. ഇതിൽ ചേരനാടാണ് കേരളം. പരസ്പരം മല്ലടിച്ചു കഴിയുകയായിരുന്നു ഇവർ മൂവരും. അതുകൊണ്ട് ഭൂമിശാസ്ത്രപരമായോ രാഷ്ട്രീയമായോ ഏകീകൃതസ്വഭാവം അക്കാലത്തുണ്ടായിരുന്നില്ല. കേരളം എന്ന പേരു തന്നെ കാളിദാസൻ പ്രയോഗിക്കുന്നുണ്ട്. ഇവിടുത്തെ സ്ത്രീകളുടെ സൗന്ദര്യത്തെപ്പറ്റി കേട്ടറിവുകളല്ലാതെ വ്യക്തമായ ഒരു ധാരണ നാടിനെപ്പറ്റി മഹാകവിക്ക് ഉണ്ടായിരുന്നിരിക്കാൻ ഇടയില്ല. രണ്ടാം ചേരസാമ്രാജ്യ(പൊതുവർഷം 800-1120)ത്തിന്റെ കാലത്ത് കുലശേഖരന്മാർ കേരളാധിപർ എന്ന് സ്വയം വിശേഷിപ്പിക്കാറുണ്ട്. അപ്പോഴും ദേശത്തിന്റെ അതിരുകൾ മാറിക്കൊണ്ടിരുന്നു. മലയാളഭാഷ ഉരുത്തിരിഞ്ഞതോടെയാണ് വ്യതിരിക്തമായ ഒരു സ്വത്വബോധം രൂപപ്പെട്ടത്; അത് മലയാളി എന്ന രൂപത്തിലായിരുന്നു. ഭരണാധികാരികൾ പരസ്പരം കലഹിച്ചുകൊണ്ടിരുന്നപ്പോഴും ബ്രിട്ടീഷ് അധീനതയിലായിരുന്ന മലബാറിലും നാട്ടുരാജാക്കന്മാരുടെ കീഴിലായിരുന്ന കൊച്ചിയിലും തിരുവിതാംകൂറിലുമുള്ള ജനങ്ങൾ ഈ പൊതുബോധത്തെ പങ്കുവെച്ചിരുന്നു. ആധുനികതാബോധത്തോടൊപ്പം പതിനെട്ട് -പത്തൊൻപത് നൂറ്റാണ്ടുകളിൽ ഈ സ്വത്വബോധം കൂടുതൽ ദൃഢമായിത്തീർന്നു. വടക്ക് ചന്തുമേനോനും തെക്കെ അറ്റത്ത് അരുവിപ്പുറത്ത് ശ്രീനാരായണ ഗുരുവും സംസാരിക്കുന്നത് ഒരേ സ്വരത്തിലാണെന്ന് മലയാളി മനസ്സിലാക്കി. ഈ സാംസ്കാരികാവബോധത്തിൽ നിന്നാണ് കേരളം ഉരുത്തിരിഞ്ഞത്.

ഈ പൊതുപശ്ചാത്തലത്തിലാണ് മലബാറിലെ പ്രായേണ അറിയപ്പെടാതിരുന്ന ഒരു ഉൾഗ്രാമത്തിൽ 1902-ൽ പി. എസ്. വാരിയർ ആര്യവൈദ്യശാല സ്ഥാപിക്കുന്നത്. ആയുർവേദമെന്ന പ്രാചീന ചികിത്സാസമ്പ്രദായത്തെ ശക്തിപ്പെടുത്തുക എന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രാഥമിക ലക്ഷ്യം. കുട്ടഞ്ചേരിമൂസ്സിൽ നിന്ന് ലഭിച്ച ആയുർവേ

ദത്തിലെ അഗാധപാണ്ഡിത്യമായിരുന്നു അദ്ദേഹത്തിന്റെ കൈമുതൽ. മഞ്ചേരി ഗവ. ആശുപത്രിയിലെ ഡോ. വർഗീസിന്റെ കീഴിൽ മൂന്നുവർഷത്തെ അലോപ്പതി പരിശീലനം നൽകിയ ആധുനികതാബോധം അക്കാലത്തെ നാട്ടുവൈദ്യന്മാരിൽ നിന്ന് ശ്രീ വാരിയരെ വ്യത്യസ്തനാക്കിയിരുന്നു. അതുകൊണ്ട് സമുദ്ധാരണപ്രവർത്തനങ്ങൾ തന്റെ ഗ്രാമത്തിലൊതുക്കാതെ മലയാളികൾ വസിക്കുന്ന മൂന്ന് പ്രവിശ്യകളിലേയ്ക്കും അദ്ദേഹം വ്യാപിപ്പിച്ചു. ആര്യവൈദ്യശാല സ്ഥാപിച്ച് നാലുമാസത്തിനുള്ളിൽ അദ്ദേഹം ആര്യവൈദ്യസമാജം സംഘടിപ്പിച്ചു. വൈദ്യന്മാരുടെ സംഘടനയായിരുന്നു അത്. കേരളം മുഴുവനുമായിരുന്നു അതിന്റെ പ്രവർത്തനപരിധി. തിരുവിതാംകൂറിലെ വലിയ കോയിത്തമ്പുരാനായിരുന്നു സ്ഥിരാദ്ധ്യക്ഷൻ. തിരുവിതാംകൂറിലെയും കൊച്ചിയിലെയും രാജാക്കന്മാരും മലബാറിലെ സാമൂതിരിപ്പാടും രക്ഷാധികാരികളുമായിരുന്നു. കോട്ടയ്ക്കൽ ആയിരുന്നു സമാജത്തിന്റെ ആസ്ഥാനം. സമാജത്തിന്റെ മുഖപത്രമായിരുന്നു മലയാളത്തിൽ പ്രസിദ്ധീകരിച്ച 'ധന്വന്തരി' എന്ന വൈദ്യമാസിക. ഒന്നാം വാർഷികം നടത്തിയത് കോഴിക്കോട്ടുവെച്ചായിരുന്നു. കേരളത്തിന്റെ നാനാഭാഗത്തുനിന്നുള്ള പ്രാമാണികരായ വൈദ്യന്മാർ, പ്രഭുക്കന്മാർ, പൗരമുഖ്യന്മാർ മുതലായവർ അതിൽ പങ്കെടുത്തിരുന്നു. കേരളത്തിന്റെ ചരിത്രത്തിൽ ഈ സമ്മേളനത്തിന് ഏറെ പ്രാധാന്യമുണ്ട്. കൊച്ചിരാജവംശവും സാമൂതിരിവംശവും തമ്മിൽ ഏറെക്കാലമായി ശത്രുതയിലായിരുന്നു. ഈ രാജവംശജരിൽ ഒരാൾ മറ്റൊരാളുടെ അധികാരസീമയിലുള്ള സ്ഥലത്ത് കാലെടുത്തു കുത്തുകയില്ല. എന്നാൽ കോഴിക്കോട് നടന്ന സമ്മേളനത്തിലേയ്ക്ക് കുഞ്ഞുണ്ണി തമ്പുരാനെയും അപ്പൻ തമ്പുരാനെയും തന്റെ പ്രതിനിധികളായി കൊച്ചിമഹാരാജാവ് അയച്ചു. ഇരു രാജ്യങ്ങളും തമ്മിൽ ദീർഘകാലമായുണ്ടായിരുന്ന വൈരം അവസാനിപ്പിക്കാൻ പി.എസ് വാരിയരും ആര്യവൈദ്യ സമാജവും നിമിത്തമായിത്തീർന്നു.

കേരളത്തിന്റെ വിവിധ ഭാഗങ്ങളിലാണ് തുടർന്നുള്ള സമ്മേളനങ്ങൾ നടന്നത്. രാഷ്ട്രീയ മേഖലയിലോ സാഹിത്യമണ്ഡലത്തിലോ ഐക്യകേരളത്തിനുവേണ്ടി പ്രായോഗിക പ്രവർത്തനങ്ങൾ കാര്യമായി നടക്കാതിരുന്ന കാലത്താണ് വൈദ്യസമാജം അഖിലകേരളാടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ നടത്തിയത് എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

** ** **

മലയാളഭാഷയോടുള്ള പി.എസ് വാരിയരുടെ ആഭിമുഖ്യം പ്രത്യേകം ഓർക്കേണ്ടതുണ്ട്. പാരമ്പര്യമായി അദ്ദേഹം പഠിച്ചത് സംസ്കൃതമാണ്. ആ ഭാഷയിൽ അഗാധമായ അറിവും അദ്ദേഹത്തിനുണ്ടായിരുന്നു. വിദ്യാർത്ഥികൾക്കായുള്ള ആയുർവേദഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചത് പ്രൗഢസംസ്കൃതത്തിലാണ്. ഇംഗ്ലീഷാണ് അദ്ദേഹത്തിൽ ആധുനികതാബോധം വളർത്തിയത്. സ്വന്തം നിലയ്ക്ക് പഠിച്ചതാണ് ഇംഗ്ലീഷ്. ഇംഗ്ലീഷ് പത്രങ്ങൾ സ്ഥിരമായി വായിച്ച് ലോകകാര്യങ്ങളിലേയ്ക്ക് ബുദ്ധിയും മനസ്സും തുറന്നുവെയ്ക്കാൻ

അദ്ദഹത്തെ സഹായിച്ചത് ഇംഗ്ലീഷ് ഭാഷയാണ്. എന്നാൽ മാതൃഭാഷയായ മലയാള ത്തെയാണ് അദ്ദേഹം പെറ്റമ്മയായി കരുതിയത്. 1909-ൽ ആരംഭിച്ച പരമശിവവിലാസം നാടകക്കമ്പനി അദ്ദേഹത്തിന്റെ മാതൃഭാഷാസ്നേഹത്തിന്റെ നിദർശനമാണ്. മലയാള ത്തിലെ ആദ്യത്തെ സ്ഥിരം നാടകവേദിയാണിത്. ഇത്തരം ഒരു സംരംഭത്തിന് രണ്ടുകാ ര്യങ്ങളാണ് അദ്ദേഹത്തെ പ്രേരിപ്പിച്ചത്. ഒന്ന്, പാഴ്സി-തമിഴ് നാടകസംഘങ്ങളുടെ പ്രവർത്തനങ്ങളാണ്. തികച്ചും കച്ചവടക്കൂട്ടങ്ങളായിരുന്നു അവ. കലാപരമായ മേന്മ യോ ധാർമ്മികബോധമോ ഒന്നുമല്ല അവരെ നയിച്ചിരുന്നത്. വിനോദിപ്പിക്കാനെന്ന പേരിൽ അവർ ചെയ്തുകൂട്ടിയ പലതും സമൂഹത്തെ ധാർമ്മികമായി അധഃപതിപ്പിക്കു ന്നവയായിരുന്നു. ഈ കച്ചവടക്കാരിൽ നിന്ന് മലയാളിസമൂഹത്തെ രക്ഷപ്പെടുത്തണ മെന്ന് അദ്ദേഹം ആഗ്രഹിച്ചു. രണ്ട്, സംസ്കൃതത്തിന്റെയും തമിഴിന്റെയും സ്വാധീന ത്തിൽ നിന്ന് അരങ്ങിനെ മോചിപ്പിച്ച് മലയാളിയുടെ തനിമ പ്രതിഫലിപ്പിക്കുന്ന ഒരു സംവിധാനം സൃഷ്ടിക്കണം. നാടകങ്ങളിൽ സൂത്രധാരന്റെ വാക്കുകളിലൂടെ തന്റെ ആശയങ്ങൾ പലപ്പോഴും അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ട്.

1909-മുതൽ 1939 വരെയുള്ള മുപ്പത് വർഷങ്ങൾ മലയാളനാടക ചരിത്രത്തിൽ പരമശി വവിലാസം നാടകക്കമ്പനിയുടെ ജൈത്രയാത്ര നിറഞ്ഞുനിൽക്കുന്നു. ഒരിടത്ത് കളിക്ക് ചെന്നാൽ ഓഡിറ്റോറിയത്തിലോ കെട്ടിയുണ്ടാക്കിയ ടെന്റുകളിലോ ഒരുമാസത്തോളം നാടകം കളിക്കും. വെവ്വേറെ നാടകങ്ങളാണ് ഓരോദിവസവും കളിക്കുക. ആവശ്യമ നുസരിച്ച് ആവർത്തിക്കുകയും ചെയ്യും. കൃത്യസമയത്ത് നാടകം തുടങ്ങും. വളരെ ചി ട്ടയോടെ ആയിരിക്കും അവതരണം. അച്ചടക്കം ബഹുകർശനമാണ്. ടിക്കറ്റുവെച്ചാണ് പ്രവേശനം. മലബാറിൽ മാത്രമല്ല, കൊച്ചിയിലും തിരുവിതാംകൂറിലും നാടകസംഘങ്ങൾ സഞ്ചരിക്കാറുണ്ട്. കോഴിക്കോട് സ്ഥിരം വേദിയുണ്ടായിരുന്നു നാടകാവതരണത്തിന്. നൂറുകണക്കിനാളുകളാണ് തിങ്ങിനിറഞ്ഞ സദസ്സിൽ നാടകം ആസ്വദിച്ചത്. ആ നാടക രാവുകളുടെ ആവേശം നിറഞ്ഞ അനുഭവങ്ങൾ സഞ്ജയനും തിക്കോടിയനുമൊക്കെ രേഖപ്പെടുത്തി വെച്ചിട്ടുണ്ട്.

മുപ്പത്തിയാറ് നാടകങ്ങൾ കമ്പനി അവതരിപ്പിച്ചിരുന്നു. മിക്കതും ചിട്ടപ്പെടുത്തിയത് പി. എസ് വാരിയർ തന്നെ. പലതും സംസ്കൃതത്തിൽ നിന്നുള്ള പരിഭാഷകൾ, ചിലത് തമിഴ് നാടകങ്ങൾ അങ്ങനെ തന്നെ. മലയാളനാടകങ്ങളുമുണ്ട്. ഏത് നാടകവും പി. എസ് വാരിയർ ചിട്ടപ്പെടുത്തുമ്പോൾ അതിലൊരു മലയാളിത്തം വന്നുചേരും. അദ്ദേഹം പരിഭാഷപ്പെടുത്തി അവതരിപ്പിച്ച ശാകുന്തളം ഏറെ ജനപ്രീതി നേടിയതാണ്. ക്ലാസ്സി ക്കൽ ശൈലി തെല്ലുമില്ല ഭാഷയ്ക്കും അവതരണത്തിനും. ഉദാഹരണത്തിന് അതിലെ ഒരു രംഗം മുക്കുവനും മുക്കുവത്തിയും തമ്മിലുള്ളതാണ്. അതിമനോഹരമായ തനി നാടോടിരീതിയും പച്ചമലയാളവും അവതരണത്തെ അത്യധികം ആകർഷകമാക്കുന്നു.

കേരളീയ ദൃശ്യവേദിയിൽ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യത്തെ മൂന്നു ദശകങ്ങൾ അര

ങ്ങടക്കി വാണത് സംഗീതനാടകങ്ങളാണ്. അതുവരെ കേരളത്തിന്റെ രംഗവേദിയെ ജാതിധർമ്മങ്ങൾ പരിമിതപ്പെടുത്തിയിരുന്നു. ജാതിധർമ്മങ്ങളാണ് കലകൾ. പൊതു വേദിയോ പൊതുസദസ്സോ കലകൾക്കുണ്ടായിരുന്നില്ല. ജാതിയുടെ ഉള്ളറകളിൽ ഒതു ങ്ങിയിരുന്നു കലയും കലാകാരനും പ്രേക്ഷകനും. ഇതിനൊരു മാറ്റം വരുത്തി നാട്യ വേദിക്ക് പൊതുവായൊരു സദസ്സിനെ സൃഷ്ടിച്ചത് സംഗീതനാടകങ്ങളാണ്. അവ കിളച്ചുമറിച്ചൊരുക്കിയ വളക്കൂറുള്ള മണ്ണിലാണ് മൂപ്പതുകൾക്കുശേഷമുള്ള സാമൂഹ്യ നാടകങ്ങൾ തഴച്ചുവളർന്നത്.

ഒരു വ്യവസായശാലയിൽ ഉല്പാദനത്തിനു മാത്രമല്ല, വിനോദത്തിനും ഇടമുണ്ടാകണ മെന്ന് പി.എസ്. വാരിയർ ഉറച്ചു വിശ്വസിച്ചിരുന്നു. അതുകൊണ്ടാണ് സംഗീതനാട കങ്ങൾക്ക് പ്രചാരലോപം വന്നപ്പോൾ നാടകക്കമ്പനിയെ കഥകളികേന്ദ്രമായി 1939-ൽ അദ്ദേഹം  മാറ്റിയത്. വൈദ്യനെന്ന നിലയിലുള്ള അദ്ദേഹത്തിന്റെ പ്രശസ്തിക്കു മു മ്പിൽ കലാരംഗത്തെ സംഭാവനകൾ അർഹിക്കുന്ന പ്രാധാന്യത്തോടെ സമൂഹം രേഖ പ്പെടുത്താൻ മറന്നു. മഹാകവി വള്ളത്തോൾ ഒരിക്കൽ പറയുകയുണ്ടായി: 'ഇത് വൈദ്യൻ പി. എസ് വാരിയർ അല്ല, മഹാകവി പി. എസ് വാരിയരാണ്' എന്ന്. കവികു ലഗുരു ഒരിക്കൽ സൂചിപ്പിച്ചു- 'അദ്ദേഹത്തിന്റെ സമയം കുറച്ചുകൂടി കലാരംഗത്തിന് ലഭിച്ചിരുന്നെങ്കിൽ മലയാളത്തിലെ എണ്ണപ്പെടുന്ന കവികളിൽ ഒരാളാകുമായിരുന്നു ശ്രീ. പി. എസ്. വാരിയർ'. കലയ്ക്കും കൈരളിക്കും അദ്ദേഹം നൽകിയ സേവനം മറ ക്കാൻ കഴിയാത്തതാണ്.

** ** **

ഇന്നോർക്കുമ്പോൾ പി.എസ് വാരിയരുടെ ഏറ്റവും ആദരണീയമായ വൈശിഷ്ട്യം ജീവിതത്തിലൂടനീളം അദ്ദേഹം വെച്ചുപുലർത്തിയിരുന്ന സർവമതസമഭാവനയാണ്. യാഥാസ്ഥിതികമായ സാഹചര്യങ്ങളിലാണ് അദ്ദേഹം ജനിച്ചതും വളർന്നതും. എന്നാൽ ഒരു യഥാർത്ഥ ഹിന്ദുവിനുണ്ടാകുന്ന ആർഷമായ ഔദാര്യം അദ്ദേഹത്തിന് എല്ലാ വി ഭാഗത്തിൽപെട്ടവരോടും ഉണ്ടായിരുന്നു. അയിത്തം, ശുദ്ധി പോലുള്ള സങ്കല്പങ്ങ ളൊക്കെ അതികർശനമായി ആചരിച്ചിരുന്ന അക്കാലത്ത് സദാ അദ്ദേഹത്തിന് ചുറ്റുമു ണ്ടായിരുന്നത് നാടകക്കാരും നാട്ടുകാരുമൊക്കെയാണ്. അവരിൽ പലരും പല കൂട്ട ത്തിൽ പെട്ടവരാണ്. കൈലാസമന്ദിരം പണിപൂർത്തിയാകുന്നതിന് മുമ്പുതന്നെ സമ സ്തകേരള സാഹിത്യപരിഷത്തിന്റെ മൂന്നാം സമ്മേളനം അവിടെ വെച്ച് നടത്തി. വിവിധ ജാതിമതവിഭാഗങ്ങളിൽപെട്ടവർ ഒന്നിച്ചിരുന്നുണ്ണുന്നതും ചർച്ചകൾ നടത്തുന്നതു മൊന്നും അദ്ദേഹത്തിന് ഒരു വിഷമമുണ്ടാക്കിയില്ല; മാത്രവുമല്ല, അതിലദ്ദേഹം അഭിമാ നിക്കുകയും ചെയ്തു. അറുപതാം പിറന്നാളാഘോഷിച്ചപ്പോൾ തദ്ദേശീയരായ മുസ്ലീ ങ്ങൾ മംഗളപത്രത്തിൽ അദ്ദേഹത്തിന്റെ സർവമതസമഭാവനയെ രേഖപ്പെടുത്തി യതിങ്ങനെയാണ് 'ഹിന്ദുക്കളും മുസ്ലീങ്ങളും കൂടിയോജിച്ച് പ്രവർത്തിക്കണമെന്ന് പ്രസം ഗിക്കുന്ന പ്രമാണികളെല്ലാം പ്രവൃത്തിയിൽ അങ്ങയെ അനുകരിക്കുക മാത്രം ചെയ്താൽ

ഈ രാജ്യത്ത് ഹിന്ദു-മുസ്ലീം മൈത്രി സ്ഥിരമായിരിക്കുമെന്നു തീർച്ച പറയാം. അവിടുത്തെ ഈ മനോവികാസവും സമസ്യഷ്ടിസ്നേഹവും അവിടുത്തെ കുടുംബസ്വത്താണെന്ന് കൂടി ഞങ്ങൾക്കനുഭവപ്പെട്ടിട്ടുണ്ട്.'

ഈ ഹൃദയവിശാലത വെളിപ്പെട്ട സന്ദർഭമായിരുന്നു 1921-ലെ മലബാർ കലാപം. മഹാത്മാ ഗാന്ധി ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ നേതൃത്വമേറ്റെടുത്തപ്പോൾ മുസ്ലീം ജനവിഭാഗത്തെ ദേശീയ സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമാക്കുന്നതിന് വേണ്ടിയാണ് ഖിലാഫത്ത് പ്രസ്ഥാനം ആരംഭിച്ചത്. ഒന്നാം ലോകമഹായുദ്ധത്തിനു ശേഷം ബ്രിട്ടീഷുകാർ തുർക്കി സുൽത്താനെ സ്ഥാനഭ്രഷ്ടനാക്കിയതിൽ മുസ്ലീങ്ങൾക്ക് പൊതുവേ അതൃപ്തി ഉണ്ടായിരുന്നു. ആ ബ്രിട്ടീഷ് വിരുദ്ധവികാരത്തെ പ്രയോജനപ്പെടുത്താൻ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് ആരംഭിച്ചതാണ് ഖിലാഫത്ത് സമരം. വിദേശഭരണത്തിന് എതിരായിട്ടാണ് തുടങ്ങിയതെങ്കിലും ഒരുഘട്ടത്തിൽ ഹിന്ദു-മുസ്ലീം ലഹളയായി മാറി. വാഗൺ ട്രാജഡി ഉൾപ്പെടെയുള്ള അനേകം ദുരന്തങ്ങൾക്ക് അത് കാരണമായി. ബ്രിട്ടീഷ് ഗവൺമെന്റ് ലഹള ശക്തമായി അടിച്ചമർത്തിയതിന്റെ ഫലമായി സ്ത്രീകളും കുഞ്ഞുങ്ങളും അശരണരായി. നിരാംലബരായ ഇവരെ പി.എസ്. വാരിയർ ഭക്ഷണവും വസ്ത്രവും നൽകി സമാശ്വസിപ്പിച്ചു. മാത്രവുമല്ല, ദുരിതനിവാരണസംഘത്തിന്റെ തലവനായി എത്തിയ ഭാരതസേവാസംഘം പ്രസിഡന്റ് ശ്രീ. ജി.കെ ദേവധറിനോട് ദുരിതാശ്വാസസഹായങ്ങൾ മുസ്ലീം സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കും നൽകണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. അന്നത്തെ സാഹചര്യങ്ങളിൽ അവിശ്വസനീയമായിരുന്നു ഒരു ഹിന്ദുവിൽ നിന്ന് അത്തരത്തിലൊരപേക്ഷ. ദേവധർ അദ്ദേഹത്തെ അഭിനന്ദിക്കുകയും അപേക്ഷ സ്വീകരിച്ച് മേൽനടപടികൾ ശുപാർശ ചെയ്യുകയും ചെയ്തു. പി.എസ്. വാരിയരിൽ അന്തർലീനമായിരുന്ന നീതിബോധത്തിന്റെയും ദയാവായ്പിന്റെയും നിദർശനമാണ് ഈ പ്രവൃത്തി. ആ മനോഭാവത്തിന്റെ തുടർച്ച എന്നോണം കൈലാസമന്ദിരം പണിതീർത്തപ്പോൾ കവാടത്തിൽ എല്ലാ മതവിഭാഗങ്ങളുടെയും ചിഹ്നങ്ങൾ അദ്ദേഹം ആലേഖനം ചെയ്യുകയും ധർമ്മം ജയിക്കുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തു.

നൂറ്റിയമ്പതാം ജന്മവർഷാഘോഷങ്ങളുടെ ഉദ്ഘാടന വേളയിൽ ആദരണീയനായ ഉപരാഷ്ട്രപതി ശ്രീ. എം. വെങ്കയ്യ നായ്ഡു അനുസ്മരിച്ചതുപോലെ, കേരളത്തിന്റെ മഹാനായ പുത്രനാണ് വൈദ്യരത്നം പി.എസ്.വാരിയർ. ആധുനികകേരളം ആവശ്യപ്പെടുന്ന സഹിഷ്ണുത, സമഭാവന, ഹൃദയവിശാലത എന്നിവയ്ക്ക് ഒക്കെ മാതൃകയാണ് ആ ജീവിതം.

കെ.ജി. പൗലോസ്